**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2494 18.02.2016 -ൽ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം**

**ചോദ്യം**

**ശ്രീ. സി. മമ്മൂട്ടി**
**ശ്രീ. പി.ബി.അബ്ദുൾ റസാക്**
**ശ്രീ. റ്റി.എ.അഹമ്മദ് കബീർ**
**ശ്രീ. കെ.എം.ഷാജി**

**ഉത്തരം**

**ശ്രീ. ഷിബു ബേബി ജോൺ**
**(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ മാറ്റങ്ങൾ വിശദമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിലും നൈപുണ്യവും കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെ "എംപ്ലോയബിലിറ്റി സെന്റർ" പദ്ധതിക്ക് 2012- 2013 സാമ്പത്തികവർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് . ഇതുപ്രകാരം നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഈ സാമ്പത്തികവർഷം തന്നെ എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തനമാരംഭിക്കുന്നതാണ്.

എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ സ്കിൽ ഗ്യാപ്. അഭിരുചി എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തുകയും, സോഫ്റ്റ് സ്കിൽസ് , ഇംഗ്ലീഷ് ആശയവിനിമയശേഷി തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നല്കുന്നു.

2014 -2015, 2015-2016 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളേയും

| | | | |
|---|---|---|---|
| | | | പങ്കെടുപ്പിച്ചുകൊണ്ട് മെഗാജോബ് ഫെസ്റ്റ്കൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>എംപ്ലോയ്മെന്റ് വകുപ്പിനു കീഴിലുള്ള 84 എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവത്ക്കരിക്കുകയും കേരള NIC വികസിപ്പിച്ച 'തൊഴിൽ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഈ ഓഫീസുകളുടെ ഡാറ്റാ ഡിജിറ്റൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുവേണ്ടി കേരള NIC യുമായി സഹകരിച്ച് ഒരു ഓൺലൈൻ സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനായി കരാറിൽ ഒപ്പ് വയ്ക്കുകയും ആയതിന്റെ ജോലികൾ പുരോഗമിച്ചു വരുകയു ചെയ്യുന്നുണ്ട്. |
| (ബി) | രജിസ്ട്രേഷൻ പുതുക്കുന്നതിൽ വീഴ്ചവന്നവർക്ക് സീനിയോറിറ്റി നിലനിർത്തി പുതുക്കി നൽകാൻ അവസരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ബി) | ഉണ്ട്.<br>വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | രജിസ്റ്റർ ചെയ്തവരിൽ സ്ഥിരം തൊഴിൽ ലഭിച്ചവരെ കണ്ടെത്തി, ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ഉദ്യോഗാർത്ഥികൾക്ക് സ്ഥിരം നിയമനം ലഭിക്കുകയാണെങ്കിൽ ടി വിവരം അവരുടെ രജിസ്ട്രേഷൻ റെക്കോർഡിൽ രേഖപ്പെടുത്തി പ്രത്യേകമായി സൂക്ഷിക്കാറുണ്ട്. നിയമനവിവരം ലഭ്യമാക്കാത്ത കേസുകളിൽ ഉദ്യോഗദായകന് കത്തു നൽകി നിയമനവിവരം ലഭ്യമാക്കി നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ട്പ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കി നൽകാൻ താഴെപ്പറയുന്ന ഉത്തരവുകളിലൂടെ കാലാകാലങ്ങളിൽ സർക്കാർ അനുമതി നൽകിയിരുന്നു.

1). സ. ഉ (സാധാ) നംപർ. 927/2011/തൊഴിൽ ,തീയതി 30/06/11 (01/01/93 മുതൽ 30/06/11 വരെ)

2). സ.ഉ (സാധാ) നമ്പർ 806/12 തൊഴിൽ തീയതി 30/05/12 (01/01/93 മുതൽ 31/05/12 വരെ)

3). സ.ഉ. (സാധാ) നം. 899/13/തൊഴിൽ തീയതി 25/05/13 (2013 ജൂലൈ 31 വരെ ദീർഘിപ്പിച്ച് , 01/01/93 മുതൽ 31/05/13 വരെ രജിസ്ട്രേഷൻ റദ്ദായവർക്ക്.)

4). സ.ഉ.(സാധാ) നം.1454/13/തൊഴിൽ തീയതി 21/08/13 (30/09/2013 വരെ ദീർഘിപ്പിച്ചു.)

5). സ.ഉ. (സാധാ) നം. 1887/13/തൊഴിൽ തീയതി 12/11/13. (31/12/2013 വരെ ദീർഘിപ്പിച്ചു.)

6). സ.ഉ. (സാധാ) നം. 1957/13/തൊഴിൽ തീയതി 02/12/13.(ടി ഉത്തരവിലൂടെ 01/01/1993 മുതൽ 31/05/13 വരെ ദീർഘിപ്പിച്ചു. ഭേദഗതി ഉത്തരവിലൂടെ 26/11/13 വരെ വീണ്ടും ദീർഘിപ്പിച്ചു.)

7). സ.ഉ(സാധാ) നം. 831/2014/തൊഴിൽ തീയതി 21/06/14.(01/01/93 മുതൽ 31/08/2014 വരെ)

8). സ.ഉ. (സാധാ) നം. 657/2015/തൊഴിൽ തീയതി 16/05/15 (01/01/1995 മുതൽ 30/06/2015 വരെ)

9). സ.ഉ.(സാധാ) 134/2016/തൊഴിൽ തീയതി 30/01/16 (01/01/1995 മുതൽ 31/03/2016 വരെ)